# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത — 20-03-2018 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 4223

# തുറമുഖങ്ങളുടെ വികസനത്തിനായി പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ :<br>ശ്രീമതി. ഇ.എസ്.ബിജിമോൾ :<br>ശ്രീ. ജി.എസ്.ജയലാൽ :<br>ശ്രീ. മുഹമ്മദ് മുഹസിൻ.പി. : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) തുറമുഖങ്ങളുടെ വികസനത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദമാക്കുമോ ; | (എ) തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളായ കൊല്ലം, ആലപ്പുഴ, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ, പൊന്നാനി എന്നീ തുറമുഖങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതിയുണ്ട്. കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം , ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ എന്നിവ വിവിധ ഘട്ടങ്ങളിലാണ് . 46 കോടി രൂപ മുതൽ മുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പൊന്നാനി തുറമുഖം പി.പി.പി മാതൃകയിലാണ് വികസിപ്പിക്കുന്നത്. ഇതിനായി മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പദ്ധതി അനുസരിച്ച് 763 കോടി രൂപ ചെലവിൽ തുറമുഖ നിർമ്മാണം തുടങ്ങിയിട്ടുണ്ട്. അഴീക്കൽ തുറമുഖ വികസനത്തിനായി 496 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. അഴീക്കൽ പോർട്ട് ലിമിറ്റഡ് എന്ന പേരിൽ എസ്.പി.വി രൂപീകരിച്ചിട്ടുണ്ട്. ടെക്നിക്കൽ കൺസൽട്ടന്റിനെ തെരഞ്ഞെടുത്തു. തുറമുഖങ്ങളുടെ വികസനത്തിനായി കണ്ടെയ്നർ ഹാന്റിലിംഗ് ക്രയിൻ, |

റീച്ച് സ്റ്റാക്കർ, വേബ്രിഡ്ജ് എന്നിവ സജ്ജമാക്കിയിട്ടുണ്ട്. കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ ടഗ്ഗ് വാങ്ങിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് വി.ടി.എം.എസ് സ്ഥാപിച്ചു. വിഴിഞ്ഞം, കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ മൊബൈൽ ക്രയിൻ വാങ്ങി. കൊല്ലം തുറമുഖത്ത് വി.ടി.എം.എസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ പുതുതായി 450 HP ടഗ്ഗ് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

| | |
|---|---|
| (ബി) അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം, കൊടുങ്ങല്ലൂർ എന്നീ ഇടത്തരം തുറമുഖങ്ങളുടെ യാത്രാ ചരക്ക് ഗതാഗതം ഉൾപ്പടെയുള്ള സമഗ്ര പശ്ചാത്തല വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) സംസ്ഥാനത്തെ ഇടത്തരം തുറമുഖങ്ങൾ ചരക്കു ഗതാഗതത്തിനും യാത്രക്കാരുടെ സഞ്ചാരത്തിനും സജ്ജമാക്കുന്നതിനായി ചെറുകിട തുറമുഖങ്ങളിലേക്ക് റയിൽ / റോഡ് കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൊല്ലം, അഴീക്കൽ, പൊന്നാനി എന്നീ തുറമുഖങ്ങളിലേക്ക് റെയിൽ കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി IPRCL-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം സാഗർമാലയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു. ഇതിൽ കൊല്ലം തുറമുഖം ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന 1.12 കി.മീറ്റർ നീളമുള്ള കൊല്ലം - കൊച്ചു പിലാമൂട് റോഡിന്റെ നിർമ്മാണം പൂർത്തിയാക്കി. ടി റോഡ് യാഥാർത്ഥ്യമായതോടെ തുറമുഖത്തുനിന്നുള്ള ചരക്കുനീക്കം സുഗമമാക്കാനും പ്രദേശവാസികൾക്ക് ഗതാഗത സൗകര്യത്തിനും ഉപയോഗപ്പെടുന്നതാണ് . കണ്ടെയ്നർ ഹാന്റിലിംഗ്, ക്രയിൻ, റീച്ച് സ്റ്റാക്കർ, വേബ്രിഡ്ജ് എന്നിവ സജ്ജമാക്കിയിട്ടുണ്ട്. കൊല്ലം, |

ബേപ്പൂർ തുറമുഖങ്ങളിൽ ടഗ്ഗ് വാങ്ങിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് വി.ടി.എം.എസ് സ്ഥാപിച്ചു വിഴിഞ്ഞം, കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ മൊബൈൽ ക്രയിൻ വാങ്ങി. കൊല്ലം തുറമുഖത്ത് വി.ടി.എം.എസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ പുതുതായി 450HP ടഗ്ഗ് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

| | |
|---|---|
| (സി) ഐ.എസ്.പി.എസ്. കോഡ് എന്താണെന്ന് വ്യക്തമാക്കാമോ ; ഐ.എസ്.പി.എസ്. കോഡ് തലത്തിൽ തുറമുഖ സുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (സി) കപ്പലുകളിലും തുറമുഖങ്ങളിലും പാലിച്ചിരിക്കേണ്ട രാജ്യാന്തര തലത്തിൽ അംഗീകരിക്കപ്പെട്ടതും അനുവർത്തിക്കുന്നതുമായ സുരക്ഷാ മാനദണ്ഡങ്ങളാണ് ഇന്റർനാഷണൽ ഷിപ്പ് & പോർട്ട് സെക്യൂരിറ്റി ഫെസിലിറ്റി കോഡ് (ഐ.എസ്.പി.എസ് കോഡ്). വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ ഐ.എസ്.പി.എസ് കോഡ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) ഇലക്ട്രോണിക് ഡേറ്റ ഇന്റർചേഞ്ച് സംവിധാനം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ? | (ഡി) കൊല്ലം തുറമുഖത്ത് ഇ.ഡി.ഐ സംവിധാനം നിലവിലുണ്ട്. ബേപ്പൂർ , അഴീക്കൽ തുറമുഖങ്ങളിൽ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു . |

സെക്ഷൻ ഓഫീസർ